**ഓപ്പറേഷൻ മുസ്കാൻ – കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള തീവ്രയത്ന പരിപാടി എറണാകുളം റൂറൽ ജില്ലയിൽ ഊർജ്ജിതമായി തുടരുന്നു.**

ഇന്ത്യാ രാജ്യത്ത് കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി ഇന്ത്യാ ഗവൺമെൻറ് രാജ്യവ്യാപകമായി നടത്തുന്ന തീവ്രയത്ന പരിപാടിയാണ് ഓപ്പറേഷൻ മുസ്കാൻ. നമ്മുടെ രാജ്യത്ത് ഓരോ വർഷവും ഒരു ലക്ഷത്തിൽപരം കുട്ടികളെ കാണാതാകുന്നു. ഇത്തരത്തിൽ കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി കേന്ദ്ര ഗവൺമെൻറ് ഓരോ വർഷവും വിവിധ പരിപാടികൾ നടത്തിവരുന്നു. കഴിഞ്ഞ മൂന്നുവർഷമായി ഓപ്പറേഷൻ മുസ്കാൽ എന്ന പേരിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഓപ്പറേഷൻ മുസ്കാൽ – III ൻെറ ഭാഗമായി എറണാകുളം റൂറൽ ജില്ലാ പോലീസ്, എറണാകുളം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, തൊഴിൽ വകുപ്പ്, ചൈൽഡ് ലൈൻ, റെയിൽവെ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവർ സംയുക്തമായി കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമായി നടത്തിവരുന്നു.

വീടുകളിൽ നിന്നും കാണാതാവുകയോ വീട് വിട്ടുപോകുകയോ ചെയ്യുന്ന കുട്ടികൾ പല റാക്കറ്റുകളുടെയും പ്രലോഭനങ്ങളിൽപെട്ടു അന്യ സംസ്ഥാന മയക്കുമരുന്ന് ലഹരി മാഹിയകളിലും, വ്യഭിചാര കേന്ദ്രങ്ങളിലും, അവയവ വിൽപ്പനക്കാരിലേക്കും എത്തിപ്പെടാതിരിക്കാൻ ജില്ലയിലെ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റും, ജില്ലാ ശിശു സംരക്ഷണ യൂണിറ്റും, ചൈൽഡ് ലൈനും ഈ പദ്ധതി പ്രകാരം വേണ്ട സഹായങ്ങൾ ചെയ്യുന്നു.

ഒറ്റപ്പെട്ടതോ, സംശയാസ്പദമായ രീതിയിലോ, നിയമവിരുദ്ധ പ്രവർത്തനങ്ങളിലോ ഏതെങ്കിലും കുട്ടികളെ കണ്ടെത്തുകയാണെങ്കിൽ പോലീസ് – 100, ചൈൽഡ് ലൈൻ – 1098, ശിശുസംരക്ഷണ യൂണിറ്റ് – 209177, വനിതാ ഹെൽപ്പ് ലൈൻ –1091, റെയിൽവെ പ്രൊട്ടക്ഷൻ ഫോഴ്സ് – 182 എന്നീ നമ്പറുകളിൽ ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് വിവരങ്ങൾ കൈമാറാവുന്നതാണ്.

--------------------------